# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.85/PR/PIC/PHQ/18 Date : 10.04.2018

## വരാപ്പുഴ സംഭവം പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കും

വരാപ്പുഴയിൽ കേസന്വേഷണത്തിന്റെ ഭാഗമായി പോലീസ് കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് എന്ന യുവാവ് ആശുപത്രിയിൽ മരണപ്പെട്ട സംഭവം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘം രൂപവത്കരിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉത്തരവായി. ദക്ഷിണമേഖലാ എഡിജിപി അനിൽകാന്തിന്റെ മേൽനോട്ടത്തിൽ ക്രൈംബ്രാഞ്ച് ഐ.ജി. എസ്. ശ്രീജിത്ത് തലവനായുള്ള അന്വേഷണ സംഘത്തിൽ കോസ്റ്റൽ സെക്യൂരിറ്റി ഡി.ഐ.ജി. കെ.പി. ഫിലിപ്പ്, ക്രൈംബ്രാഞ്ച് അനാലിസിസ് വിഭാഗം എസ്. പി. കെ.എസ്. സുദർശൻ, ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ള്യു വിഭാഗം ഡി.വൈ.എസ്.പി ജോർജ് ചെറിയാൻ (അന്വേഷണ ഉദ്യോഗസ്ഥൻ), കാക്കനാട് ഇൻഫോപാർക്ക് വനിതാ ഇൻസ്പെക്ടർ പി.കെ. രാധാമണി, എളമക്കര സബ് ഇൻസ്പെക്ടർ പ്രജീഷ് ശശി, ഏലൂർ സബ് ഇൻസ്പെക്ടർ എ. എൽ അഭിലാഷ് എന്നിവർ അംഗങ്ങളാണ്. ഇതു സംബന്ധിച്ച് വരാപ്പുഴ പോലീസ് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ സംഘത്തിന് അടിയന്തരമായി കൈമാറാനും സംസ്ഥാന പോലീസ് മേധാവി ഉത്തരവായി.

ഇതോടൊപ്പം ശ്രീജിത്തിനെ കസ്റ്റഡിയിലെടുക്കാൻ കാരണമായ കേസുകളായ ക്രൈം നമ്പർ 310/2018, 312/2018 എന്നീ കേസുകളും പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

കേസിൽ നിഷ്പക്ഷവും നീതിപൂർവ്വകവും ശാസ്ത്രീയവുമായ വിദഗ്ധ അന്വേഷണം ഉറപ്പാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.